# ചോദ്യപേപ്പറുകൾ സ്കാൻ ചെയ്യുന്ന വിധം

ഒന്നാം പാദവാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകൾ സ്കാൻ ചെയ്ത് അയച്ചു തരാൻ ആവശ്യപ്പെട്ടിട്ടുണ്ടല്ലോ. എങ്ങനെയാണ് ഏറ്റവും കുറഞ്ഞ ഫയൽ സൈസിൽ സ്കാൻ ചെയ്യുന്നതെന്നറിയാമോ? ഉബുണ്ടുവിൽ Applications-Graphics-Simple Scan എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് സ്കാൻ ചെയ്തു നോക്കിയിട്ടുണ്ടോ? Simple Scanന്റെ Menu വിൽ Document-Scanൽ Photo എന്നതു മാറ്റി Text ആക്കി സ്കാൻ ചെയ്താൽ ടെക്സ്റ്റ് മാത്രമേ സ്കാൻ ചെയ്യപ്പെടൂ. Preferences ൽ text Resolution dpi 300 pixels മതിയാകും. സ്കാനറിൽ ഒരു പേജ് വെച്ച് Scan ബട്ടൺ അമർത്തുക. തുടർന്നുള്ള പേജുകൾക്കും ഇതേ ക്രമം ആവർത്തിക്കുക. Save ചെയ്യുമ്പോൾ എല്ലാ പേജുകളും കൂടി ഒരു പി.ഡി.എഫ് ഫയലായാകും ഔട്ട് പുട്ട് ലഭിക്കുക. ആറ് പേജുണ്ടെങ്കിൽ പോലും പരമാവധി 150kb യേ ഫയൽ സൈസ് ഉണ്ടാകൂ. വളരെ വേഗത്തിൽ സ്കാനിങ്ങ് നടക്കും.സ്കാൻ ചെയ്യുമ്പോൾ അനാവശ്യമായി കാണപ്പെടുന്ന പേജിന്റെ മടക്കലുകൾ Text മോഡിൽ കാണുകയില്ല. വെളുത്ത നിറത്തിലായിരിക്കും ബാക് ഗ്രൗണ്ട് കാണപ്പെടുക. ഇനി ചോദ്യപേപ്പറുകൾ സ്കാൻ ചെയ്തോളൂ. ഇംഗ്ലീഷ്, മലയാളം മീഡിയം ചോദ്യപേപ്പറുകളാണ് വേണ്ടത്. ഫയലുകൾക്ക് ക്ലാസ് വിഷയം മീഡിയം എന്ന ക്രമത്തിൽ പേര് നൽകുമല്ലോ. ഉദാഹരണം എട്ടാം ക്ലാസിലെ സോഷ്യൽ സയൻസ് മലയാളം മീഡിയം ചോദ്യപേപ്പറാണെങ്കിൽ 08 ss ml എന്നു പേരു നൽകണം. 09 bio en എന്നാണ് പേരെങ്കിൽ ഒൻപതാം ക്ലാസിലെ ബയോളജി ഇംഗ്ലീഷ് മീഡിയം ചോദ്യപേപ്പറാണെന്ന് തിരിച്ചറിയാനാകും.